LIBRARY ARCHIVES Kerala Legislative Assembly

തിരുരങ്ങാടി കുടിവെള്ള പദ്ധതിയിലെ കിണർ, പമ്പ്ഹൗസ്, 7 MLD ശേഷിയുള്ള ജല ശുദ്ധീകരണശാല, ട്രാൻസ്മിഷൻ മെയിനുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ടെൻഡർ ക്ഷണിച്ച് കരാർ നൽകിയിരുന്നു. കിണറും ജലശുദ്ധീകരണ ശാലയും ഭാഗികമായി പൂർത്തിയാക്കി. റോഡ് റെസ്റ്റോറേഷൻ തുക അടയ്ക്കാത്തതിനാൽ ട്രാൻസ്മിഷൻ മെയിനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയം നീട്ടി നൽകിയിട്ടും മറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത കരാർ റദ്ദ് ചെയ്തു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ റോഡ് റെസ്റ്റോറേഷൻ തുക എത്രയായിരുന്നു?

രൂപ 237.38 ലക്ഷം.

(സി) പ്രസ്തുത കുടിവെള്ള പദ്ധതിക്കാവശ്യമായ തുക ജലവിഭവ വകുപ്പ് പൊതുമരാമത്ത് വകുപ്പിന് സത്വരം അടച്ച് പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

ഈ പ്രവൃത്തി ആരംഭിച്ച സമയത്ത് തിരുരങ്ങാടി മുനിസിപ്പാലിറ്റി ഗ്രാമ പഞ്ചായത്തായിരുന്നു. എന്നാൽ ഇത് 2016-ൽ മുനിസിപ്പാലിറ്റി ആയി മാറുകയുണ്ടായി. 2021 മാർച്ചോടെ എൻ.ആർ.ഡി.ഡബ്ല്യു.പി. പദ്ധതിയിൽ ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ മേൽപ്പറഞ്ഞ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ആവശ്യമായിട്ടുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

ജലനിധി പദ്ധതി

167(672) ശ്രീ. ജോബ് മൈക്കിൾ:

ഡോ എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലനിധി പദ്ധതി എത്ര ഘട്ടമായിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

&

(ബി) ഇപ്പോൾ എത്ര ഘട്ടം പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

രണ്ടു ഘട്ടമായാണ് ലോകബാങ്ക് സഹായത്തോടെ ജലനിധി പദ്ധതി നടപ്പിലാക്കിയത്. ജലനിധി രണ്ടാംഘട്ട പദ്ധതി 2019 ജൂൺ മാസം ഇരുപത്തിയെട്ടാം തീയതി അവസാനിച്ചു.

(സി) അടുത്ത ഘട്ടം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്.